"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കെ.എസ്.ഡബ്ല്യു.എം.പി. പദ്ധതിയിൽ ഉൾപ്പെടുത്തി 93 നഗരസഭകളിൽ ഖരമാലിന്യ പരിപാലനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഹരിതകർമ്മസേന അംഗങ്ങളുടെ വരുമാന വർദ്ധനവിനായി ബിസിനസ്സ് ഡെവലപ്മെന്റ് പ്ലാൻ നടപ്പിലാക്കുന്നതിനുള്ള നിർവ്വഹണ മാർഗ്ഗരേഖ - പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.1025/2026/LSGD തീയതി,തിരുവനന്തപുരം, 16-05-2026

---

പരാമർശം:- (1) സ.ഉ.(സാധാ) നം.626/2025/LSGD തീയതി 06.03.2025.

(2) കെ.എസ്.ഡബ്ല്യു.എം.പി. പ്രൊജക്ട് ഡയറക്ടറുടെ 26.02.2026-ലെ 870/CB/2024/KSWMP നമ്പർ കത്ത്.

**ഉത്തരവ്**

കെ.എസ്.ഡബ്ല്യു.എം.പി. പദ്ധതിയിൽ ഉൾപ്പെടുത്തി 93 നഗരസഭകളിൽ ഖരമാലിന്യ പരിപാലനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഹരിതകർമ്മസേന അംഗങ്ങളുടെ വരുമാന വർദ്ധനവ് ഉദ്ദേശിച്ചുകൊണ്ടുള്ള ബിസിനസ്സ് ഡെവലപ്മെന്റ് പ്ലാൻ നടപ്പിലാക്കുന്നതിനുള്ള നിർവ്വഹണ മാർഗ്ഗരേഖ പരാമർശം (1) ഉത്തരവ് പ്രകാരം അംഗീകരിച്ചിരുന്നു.

(2) പദ്ധതിയുടെ Implementation Framework ഭേദഗതി വരുത്തുന്നതിനുള്ള സങ്കീർണ്ണമായ സാങ്കേതിക ബുദ്ധിമുട്ടുകൾ പരിഗണിച്ച്, ബിസിനസ്സ് ഡെവലപ്മെന്റ് പ്ലാൻ നിർവ്വഹണം നഗരസഭകൾ മുഖേനയാക്കണമെന്ന ലോകബാങ്ക് നിർദ്ദേശത്തെ തുടർന്ന് പുതുക്കിയ നിർവ്വഹണ മാർഗ്ഗരേഖ പരാമർശം (2) പ്രകാരം കെ.എസ്.ഡബ്ല്യു.എം.പി. പ്രോജക്ട് ഡയറക്ടർ ലഭ്യമാക്കിയിരുന്നു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബിസിനസ്സ് ഡെവലപ്മെന്റ് പ്ലാൻ നിർവ്വഹണം നഗരസഭകൾ മുഖേനയാക്കണമെന്ന ലോകബാങ്ക് നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പരിഷ്കരിച്ച നിർവ്വഹണ മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
പ്രോജക്ട് ഡയറക്ടർ, കെ.എസ്.ഡബ്ല്യു.എം.പി.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ.
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ.
എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ / നഗരസഭ / ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഐ&പി.ആർ. (വെബ് & ന്യൂ മീഡിയ) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Vinod Kumar. V
Date: 19-05-2026 10:34:14

സെക്ഷൻ ഓഫീസർ

പകർപ്പ് :-
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.

## കേരള ഖരമാലിന്യ പരിപാലന പദ്ധതി

## - ബിസിനസ്സ് ഡെവലപ്മെന്റ് പ്ലാൻ -

**നഗരസഭകളിൽ ഖരമാലിന്യ പരിപാലനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഹരിതകർമ്മസേന അംഗങ്ങളുടെ വരുമാന വർദ്ധനവിനായി നടപ്പിലാക്കുന്ന ബിസിനസ്സ് ഡെവലപ്മെന്റ് പ്ലാനിന്റെ ഭേദഗതി വരുത്തിയ നിർവഹണ മാർഗ്ഗരേഖ.**

കേരള ഖര മാലിന്യ പരിപാലന പദ്ധതിയിൽ നിന്നും നഗരസഭയ്ക്ക് ലഭ്യമാക്കുന്ന ബേസിക് ഗ്രാന്റിൽ ഉൾപ്പെടുത്തിയാണ് പദ്ധതി തുക ലഭ്യമാക്കുന്നത്. പദ്ധതിയുടെ സുഗമമായ നിർവഹണത്തിന് താഴെപ്പറയുന്ന ഭേദഗതി വരുത്തിയ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

### 1. പദ്ധതി ആവിഷ്ക്കാരം

നഗരസഭാ അധികൃതർ, ഹരിത കർമ്മസേനാ അംഗങ്ങൾ, മറ്റ് പദ്ധതി പങ്കാളികൾ എന്നിവരുമായി കൂടിയാലോചന നടത്തി, നിലവിലെ സാഹചര്യങ്ങൾ പഠിച്ച്, ഖരമാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് ഓരോ നഗരസഭയുടെയും പ്രത്യേകമായ സവിശേഷതകളും സാധ്യതകളും മനസ്സിലാക്കി, സാമൂഹിക, പാരിസ്ഥിതിക ആഘാതവും പരിഗണിച്ചാണ് അതാത് നഗരസഭകളിൽ ഖരമാലിന്യ പരിപാലനത്തിൽ ഏർപ്പെട്ടിരിക്കുന്ന വനിതകൾക്കായി അവരുടെ താൽപ്പര്യത്തിന്റെയും , വിഭവശേഷിയുടെയും അടിസ്ഥാനത്തിലാണ് ഓരോപ്ലാനും KSWMP-യുടെ ടെക്നിക്കൽ സപ്പോർട്ട് കൺസൾട്ടന്റ് മുഖേന തയ്യാറാക്കുന്നത്. ഓരോ പ്ലാനിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ബിസിനസ്സ് യൂണിറ്റിന്റെ സവിശേഷതകൾ, പ്രസ്തുത ബിസിനസ്സ് തിരഞ്ഞെടുക്കുന്നതിനുള്ള കാരണങ്ങൾ, അടിസ്ഥാന വിവരശേഖരണം, ലഭ്യമായ കണക്കുകളുടെ അപഗ്രഥനം, നിർദ്ദേശിക്കപ്പെട്ട ബിസിനസ്സിന്റെ സാധ്യതാ പരിശോധന, മാർക്കറ്റ് പഠനം, മാർക്കറ്റിംഗ് പ്ലാൻ, വിശദമായ ബഡ്ജറ്റ്, ലാഭവിഹിതത്തിനുള്ള പ്ലാൻ എന്നിവ ഉൾപ്പെടേണ്ടതാണ്. ഇത്തരത്തിൽ ടെക്നിക്കൽ സപ്പോർട്ട് കൺസൾട്ടന്റ് (TSC) തയ്യാറാക്കുന്ന ബിസിനസ്സ് ഡെവലപ്മെന്റ് പ്ലാൻ KSWMP-യുടെ ജില്ലാ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (DPMU) പരിശോധനയ്ക്കുശേഷം നഗരസഭാ കൗൺസിൽ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്.

### 2. പദ്ധതി തുക

ഓരോ ബിസിനസ്സ് ഡവലപ്മെന്റ് പ്ലാനിലും തയ്യാറാക്കപ്പെട്ട ബഡ്ജറ്റ് അനുസരിച്ച്

പരിശോധനയ്ക്കുശേഷം ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റും ആറുമാസത്തേയ്ക്കുള്ള വർക്കിംഗ് ക്യാപ്പിറ്റലും KSWMP മുഖേന നൽകുന്നതാണ്.

പ്രസ്തുത തുക ഓരോ നഗരസഭയ്ക്കും KSWMP മുഖേന അനുവദിച്ചിട്ടുള്ള ബേസിക്ക് ഗ്രാന്റ് വിഹിതത്തിൽ നിന്നും, ബിസിനസ്സ് ഡെവലപ്മെന്റ് പ്ലാനിന് ലഭിക്കുന്ന സാമ്പത്തികാനുമതി (FINANCIAL SANCTION-FS) ക്കനുസരിച്ച് ചെലവഴിക്കാവുന്നതാണ്.

പദ്ധതിയുടെ സാമ്പത്തിക അംഗീകാരം (FS) KSWMP പ്രോജക്റ്റ് ഡയറക്ടർ നൽകുന്നതാണ്.

**3. രജിസ്ട്രേഷൻ**

പദ്ധതി നിർവ്വഹിക്കുന്നതിനായി ഹരിതകർമ്മസേന കൺസോർഷ്യത്തിന് കീഴിൽ പ്രസ്തുത ബിസിനസ്സ് നടത്തുന്നതിനായി സന്നദ്ധരായി തിരഞ്ഞെടുക്കപ്പെട്ട ഹരിത കർമ്മസേനാംഗങ്ങൾ ചേർന്ന് MSMEയ്ക്ക് കീഴിൽ പ്രത്യേക ME (മൈക്രോ എന്റർപ്രൈസ്) ആയി രജിസ്റ്റർ ചെയ്യാവുന്നതാണ്.

**4. ബാങ്ക് അക്കൗണ്ട്**

പ്രസ്തുത ബിസിനസ് നിർവ്വഹണത്തിനായി ഹരിതകർമ്മസേന കൺസോർഷ്യത്തിന്റെ പ്രസിഡന്റ്/ സെക്രട്ടറിയും, ട്രെഷററും സംയുക്തമായി ഒരു ജോയിന്റ് അക്കൗണ്ട് ഈ പദ്ധതിയ്ക്ക് വേണ്ടി മാത്രമായി നഗരസഭാ പരിധിയിൽ ഉള്ള ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ ആരംഭിക്കേണ്ടതാണ്.

പ്രസ്തുത അക്കൗണ്ടിലൂടെ മാത്രമേ ബിസിനസ് ഡവലപ്മെന്റ് പ്ലാനുമായി ബന്ധപ്പെട്ട സാമ്പത്തിക ഇടപാടുകൾ നടത്താൻ പാടുള്ളൂ.

**5. എഗ്രിമെന്റ്**

ബിസിനസ്സ് ഡെവലപ്മെന്റ് പ്ലാൻ നിർവ്വഹണത്തിനായി നഗരസഭയും, ഹരിതകർമ്മസേന കൺസോർഷ്യവും തമ്മിൽ ഒരു കരാറിൽ ഏർപ്പെടേണ്ടതാണ്.

നഗരസഭാ കൗൺസിലിനുവേണ്ടി നഗരസഭാ സെക്രട്ടറി, HKS കൺസോർഷ്യത്തിനുവേണ്ടി കൺസോർഷ്യം സെക്രട്ടറി എന്നിവരാണ് കരാറിൽ ഔദ്യോഗികമായി ഒപ്പുവയ്ക്കേണ്ടത്. കരാറിന്റെ മാതൃക DPMU ലഭ്യമാക്കുന്നതാണ്.

**6. ആസ്തി കൈമാറ്റ കരാർ**

ബിസിനസ്സ് ഡെവലപ്മെന്റ് പ്ലാൻ മുഖേന HKS കൺസോർഷ്യത്തിന് ബിസിനസ്സ് ആരംഭിക്കുന്നതിനായി പ്രൊക്യുർമെന്റ് പ്ലാൻ പ്രകാരം വാങ്ങിയ സാധന സാമഗ്രികളുടെ ആസ്തി കൈമാറ്റ കരാറിൽ നഗരസഭയും HKS കൺസോഷ്യവും തമ്മിൽ ഏർപ്പെടേണ്ടതാണ്.

കരാറിന്റെ മാതൃക DPMU ലഭ്യമാക്കുന്നതാണ്.

**7. നിർവ്വഹണ ഉദ്യോഗസ്ഥൻ**

നഗരസഭയിലെ ക്ലീൻ സിറ്റി മാനേജർ ആയിരിക്കും പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ. നിർവ്വഹണ ഉദ്യോഗസ്ഥനെ സഹായിക്കുന്നതിനുള്ള ചുമതല KSWMP-യുടെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് (PIU) എഞ്ചിനീയർക്കും TSC ഡിസ്ട്രിക്ട് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ്, ജില്ലാ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റ് (DPMC) എന്നിവിടങ്ങളിലെ Livelihood / സോഷ്യൽ എക്സ്പേർട്ടിന് ആയിരിക്കും.

**8. ഡിപിസി അംഗീകാരം**

ബിസിനസ്സ് ഡെവലപ്മെന്റ് പ്ലാൻ അംഗീകാരത്തിനായി നഗരസഭകൾ വാർഷിക പദ്ധതി അംഗീകാരത്തിന്റെ അതേ നടപടി ക്രമങ്ങൾ സ്വീകരിക്കേണ്ടതാണ്.

ജില്ലാ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ്, അതാത് പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് (PIU) മുഖേന ബിസിനസ്സ് പ്ലാൻ നഗരസഭാ കൗൺസിൽ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്.

കൗൺസിൽ അംഗീകാരത്തിന് ശേഷം സുലേഖ എൻട്രി നടത്തി ഡിപിസി അംഗീകാരം നേടുന്നതിന് അനുസരിച്ച് KSWMP പ്രോജക്ട് ഡയറക്ടർ സാമ്പത്തികാനുമതി (FINANCIAL SANCTION) നൽകുന്നതാണ്.

**9. പദ്ധതി നിർവ്വഹണം.**

ബിസിനസ്സ് ഡവലപ്മെന്റ് പ്ലാനിനായി സാമ്പത്തികാനുമതി ലഭിച്ച തുക ന ഗരസഭകൾക്ക് KSWMPയുടെ ബേസിക് ഗ്രാന്റിൽ നിന്നും ചിലവഴിക്കാവുന്നതാണ്.

ഓരോ ബിസിനസ്സ് പ്ലാനിലും ഉൾപ്പെട്ടിട്ടുള്ള പുതുതായി വാങ്ങേണ്ട സാധന സാമഗ്രികളുടെ ടെക്നിക്കൽ സ്പെസിഫിക്കേഷന്റെ അടിസ്ഥാനത്തിൽ അതാത് TSC കൾ KSWMP അംഗീകരിച്ച പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരം (Rs. 25000 വരെ Direct Selection, Rs. 25000 - 100000 Limited Competition, 1 ലക്ഷത്തിന് മുകളിൽ open competition) പ്രൊക്യൂർമെന്റ് പ്ലാൻ തയ്യാറാക്കുകയും, ആയതിന്റെ അംഗീകാരത്തിനായി സാങ്കേതിക അനുമതിക്കായി ബിസിനസ്സ് പ്ലാനുകൾ സമർപ്പിക്കുന്നതിനോടൊപ്പം SPMU വിൽ ലഭ്യമാക്കേണ്ടതാണ്. സാമ്പത്തികാനുമതിയും പ്രൊക്യൂർമെന്റ് പ്ലാനിന് അംഗീകാരവും ലഭിച്ച

കഴിഞ്ഞാൽ, ഓരോ നഗരസഭയിലെയും നിർവ്വഹണ ഉദ്യോഗസ്ഥൻ, PIU എഞ്ചിനീയർ, TSC, DPMU എന്നിവിടങ്ങളിലെ ഫിനാൻസ്, പ്രൊക്യൂർമെന്റ്, ലൈവ് ലിഹുഡ് എക്സ്പേർട്ടുകളുടെ സഹായത്തോടെ അംഗീകരിക്കപ്പെട്ട പ്രൊക്യൂർമെന്റ് പ്ലാൻ പ്രകാരം അതാത് സംരഭങ്ങൾക്കാവശ്യമായ സാധന സാമഗ്രികൾ വാങ്ങി അംഗീകൃത പ്രൊക്യൂർമെന്റ് പ്ലാൻ പ്രകാരം പദ്ധതി നിർവ്വഹണം നടത്തേണ്ടതാണ്.

## 10. പ്രൊക്യൂർമെന്റ് രീതി

(10.1) ***പദ്ധതിയുടെ ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റ്/മൂലധനം ചിലവഴിക്കൽ***

അംഗീകരിക്കപ്പെട്ട പ്രൊക്യൂർമെന്റ് പ്ലാൻ പ്രകാരം (Direct Selection, Open Competition, Limited Competition) നിർവ്വഹണ ഉദ്യോഗസ്ഥന്/നഗരസഭകൾക്ക് ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റിൽ ഉൾപ്പെട്ട സാധന സാമഗ്രികൾ വാങ്ങുന്നതിനായി തുക ചിലവഴിക്കാവുന്നതാണ്. പ്രൊക്യൂർമെന്റിന്റെ വാല്യൂ അനുസരിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രൊക്യൂർമെന്റ് രീതി തിരഞ്ഞെടുക്കേണ്ടതാണ്. ഇത്തരത്തിൽ അംഗീകരിക്കപ്പെട്ട പ്ലാൻ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന് സാധന സാമഗ്രികൾ വാങ്ങുന്നതിനായി തുക ചിലവഴിക്കാവുന്നതാണ്.

(10.2) ***പദ്ധതിയുടെ വർക്കിംഗ് ക്യാപ്പിറ്റൽ/നടത്തിപ്പ് തുക ചിലവഴിക്കൽ***

അംഗീകരിക്കപ്പെട്ടതും, സാമ്പത്തികാനുമതി ലഭിച്ചതുമായ പദ്ധതികൾക്ക് രണ്ട് തരത്തിലാണ് വർക്കിംഗ് ക്യാപിറ്റൽ/നടത്തിപ്പ് തുക (പരമാവധി 6 മാസം) ചിലവഴിക്കാവുന്നത്.

1. ബിസിനസ്സ് ഡവലപ്മെന്റ് പ്ലാനിൽ ഉൾപ്പെട്ട (വർക്കിംഗ് ക്യാപിറ്റൽ) സ്റ്റേഷനറി, വിവിധ സംരംഭങ്ങൾക്കായുള്ള അസംസ്കൃത വസ്തുക്കൾ, രജിസ്ട്രേഷൻ ഫീസ് എന്നിവ അംഗീകരിച്ച പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ, പ്രൊക്യൂർമെന്റ് പ്ലാൻ വഴി വാങ്ങാവുന്നതാണ് (ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് പ്രകാരം സാധന സാമഗ്രികൾ വാങ്ങുന്ന സമയത്ത് തന്നെ)

2. വിവിധ ഫീസുകൾ - ഇലക്ട്രിസിറ്റി ബിൽ, വീടുകളിൽ നിന്നും സ്ക്രാപ് വാങ്ങൽ എന്നിവ നടത്തുന്നതിനായി HKS കൺസോർഷ്യം, ഓരോ മാസത്തെയും (പ്ലാൻ പ്രകാരമുള്ള കാലയളവ് കണക്കാക്കേണ്ടതാണ്/പരമാവധി 6 മാസം) വരെയുള്ള തുക അഡ്വാൻസായി ചിലവഴിക്കേണ്ടതും മാസവസാനം ആയതിന്റെ കണക്കുകൾ സമർപ്പിച്ച് നഗരസഭയിൽ നിന്നും റീഇമ്പേഴ്സ്മെന്റ് ആയി നൽകേണ്ടതുമാണ്. HKS കൺസോർഷ്യത്തിന് നഗരസഭ റീഇമ്പേഴ്സ്മെന്റ് നൽകേണ്ടത് താഴെ പറയും പ്രകാരമാണ്.

1. HKS കൺസോർഷ്യത്തിന് സ്ക്രാപ് ബിസിനസ് നടത്തിപ്പ് ചിലവിനായി തുക കൈമാറൽ:- അംഗീകരിക്കപ്പെട്ട ബിസിനസ്സ് ഡവലപ്മെന്റ് പ്ലാൻ പ്രകാരം HKS കൺസോർഷ്യം നടത്തുന്ന സംരംഭത്തിന്റെ പരമാവധി 6 മാസത്തെ നടത്തിപ്പ്/പ്രവർത്തന ചിലവുകൾക്കായി നഗരസഭകളിൽ നിന്നും തുക കൈമാറുന്നത് സ്ക്രാപ് ബിസിനസ്സ് ചെയ്യുന്ന പദ്ധതികൾക്ക് മാത്രമായിരിക്കും. സ്ക്രാപ് ബിസിനസ്സിനായി തുക കൈമാറുന്നതിനുള്ള മാർഗ്ഗനിർദ്ദേശം താഴെ നൽകുന്നു.

a. സ്ക്രാപ് ബിസിനസ്സ് നടപ്പിലാക്കുന്ന നഗരസഭകൾ അംഗീകരിക്കപ്പെട്ട പ്ലാൻ പ്രകാരം ഹരിത കർമ്മസേന അംഗങ്ങൾ വാങ്ങുന്ന സ്ക്രാപ് മെറ്റീരിയലുകളുടെ തരവും, മാർക്കറ്റ് വിലയും പരിശോധിച്ച് അതാത് നഗരസഭകൾക്കായി പ്രത്യേകം വിലവിവര പട്ടിക തയ്യാറാക്കേണ്ടതും, പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

b. HKS കൺസോർഷ്യം, അംഗീകരിക്കപ്പെട്ട പ്ലാൻ പ്രകാരം പരമാവധി 6 മാസത്തെ (പ്ലാൻ പ്രകാരം അതാത് നഗരസഭയിൽ എത്ര മാസത്തെ കാലയളവിലാണെന്ന് പരിശോധിച്ച്) നടത്തിപ്പ്/പ്രവർത്തന ചിലവുകൾക്കായി അംഗീകരിക്കപ്പെട്ട തുക ഓരോ മാസവും അഡ്വാൻസായി ചിലവഴിച്ച ശേഷം അതാത് മാസങ്ങളിൽ ക്ലെയിം സ്റ്റേറ്റ്മെന്റ് , വീടുകളിൽ നിന്നും സ്ക്രാപ് വാങ്ങിയതിന്റെ ഇനം, വില, തൂക്കം തിരിച്ചുള്ള സംക്ഷിപ്ത റിപ്പോർട്ട് , സ്ക്രാപ് വാങ്ങിയപ്പോൾ നൽകിയ രസീത്, ഓരോ ഹരിത കർമ്മസേനാംഗങ്ങളുടെയും (സ്ക്രാപ് ബിസിനസ്സ് നടത്തുന്ന) കളക്ഷൻ റിപ്പോർട്ട് (വിലയും, അളവും ഉൾപ്പെടെ) എന്നിവ നഗരസഭയിൽ സമർപ്പിക്കേണ്ടതാണ്. നിർവ്വഹണ ഉദ്യോഗസ്ഥൻ, PIU എഞ്ചിനീയർ, TSC, DPMU വിലെ ഫിനാൻസ്, ലൈവ് ലിഹുഡ്, സോഷ്യൽ എക്സ്പർട്ടുകളുടെ സഹായത്തോടെ പ്രസ്തുത രേഖകൾ പരിശോധിച്ച് അംഗീകരിച്ച പ്ലാൻ/ സാമ്പത്തികാനുമതി പ്രകാരം HKS കൺസോർഷ്യം അതാത് മാസം അഡ്വാൻസായി ചിലവഴിച്ച തുക റീഇമ്പേഴ്സ്മെന്റ് ആയി നൽകേണ്ടതാണ്

**11. ഓഡിറ്റ്**

KSMWP, ഗവൺമെന്റിന്റെ സോഷ്യൽ, ഫിനാൻസ് ഓഡിറ്റുകൾക്ക് വിധേയമായിരിക്കും ബിസിനസ്സ് ഡെവലപ്മെന്റ് പ്ലാനിന്റെ നിർവ്വഹണം. ഓഡിറ്റിന് ആവശ്യമായ രേഖകൾ നൽകുന്നതിനു നിർവ്വഹണ ഉദ്യോഗസ്ഥനെ PIU എഞ്ചിനീയർ, TSC എന്നിവർ സഹായിക്കേണ്ടതാണ്. രേഖകൾ കൺസോർഷ്യം എഴുതി സൂക്ഷിക്കുകയും സമയാസമയങ്ങളിൽ നഗരസഭ നിർവ്വഹണ ഉദ്യോഗസ്ഥനും, PIU എഞ്ചിനീയർക്കും നൽകേണ്ടതുമാണ്.

**12. ജോയിന്റ് മോണിറ്ററിംഗ് കമ്മിറ്റി**

ബിസിനസ്സ് ഡെവലപ്മെന്റ് പ്ലാനിന്റെ കൃത്യമായ നിർവ്വഹണം, തുടർ നടത്തിപ്പ്,

പരിപാലനം എന്നിവ ഉറപ്പുവരുത്തുന്നതിനായി നഗരസഭയിലെ ഹെൽത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ അദ്ധ്യക്ഷനായി ഒരു ജോയിന്റ് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. നഗരസഭാ സെക്രട്ടറി/ക്ലീൻ സിറ്റി മാനേജർ, ഹരിത കർമ്മസേനാ കൺസോർഷ്യത്തിന്റെ പ്രസിഡന്റ് / സെക്രട്ടറി, ബിസിനസ്സ് യൂണിറ്റിൽ അംഗമായ ഒരു ഹരിതകർമ്മസേനാംഗം, KSWMPയുടെ PIU എഞ്ചിനീയർ എന്നിവർ കമ്മിറ്റി അംഗങ്ങൾ ആയിരിക്കും. ഹെൽത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സന്റെ നേതൃത്വത്തിൽ പ്രസ്തുത കമ്മിറ്റി എല്ലാ മാസവും ബസിനസ്സ് ഡെവലപ്മെന്റ് പ്ലാന്റിന്റെ നിർവ്വഹണവും പുരോഗതിയും വിലയിരുത്തുകയും, ഏതെങ്കിലും തരത്തിലുള്ള പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അവ സമയബന്ധിതമായി പരിഹരിക്കുകയും ചെയ്യേണ്ടതാണ്. ഹരിത കർമ്മസേന കൺസോർഷ്യം കൃത്യമായ നിർവ്വഹണ, പ്രവർത്തന പുരോഗതി ഹെൽത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സണ് സമർപ്പിക്കേണ്ടതാണ്.

13. ചുമതലകളും ഉത്തരവാദിത്വങ്ങളും

| | | |
|---|---|---|
| 1. | നഗരസഭ സെക്രട്ടറി | 1. ബിസിനസ്സ് ഡവലപ്മെന്റ് പ്ലാനിന് കൗൺസിൽ അംഗീകാരം ലഭ്യമാക്കി, DPC അംഗീകാരം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുക.<br>2. ഹരിതകർമ്മസേന കൺസോർഷ്യവുമായി ഭേദഗതി വരുത്തിയ പദ്ധതി നിർവ്വഹണ, ആസ്തി കൈമാറ്റ കരാറുകളിൽ ഏർപ്പെടുക.<br>3. പദ്ധതിയുടെ സുതാര്യമായ നിർവ്വഹണം ഉറപ്പ വരുത്തുക.<br>4. HKS കൺസോർഷ്യത്തിന് ബിസിനസ്സ് ആരംഭിക്കുന്നതിന് ആവശ്യമായ ഇൻഫ്രാസ്ടക്ച്ചർ സൗകര്യങ്ങൾ നൽകുക.<br>5. പദ്ധതിയുടെ ഓഡിറ്റിംഗ് നടത്തുന്നതിന് സഹായിക്കുക.<br>6. എല്ലാ മാസവും പദ്ധതിയുടെ പ്രവർത്തനവും, പുരോഗതിയും വിലയിരുത്തുക.<br>7. എതെങ്കിലും തരത്തിലുള്ള തടസങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അടിയന്തിര ഇടപെടൽ നടത്തുകയും, ബിസിനസ് പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുൻപോട്ട് കൊണ്ടുപോവുന്നതിന് HKS കൺസോർഷ്യത്തെ സഹായിക്കുകയും |

| | | |
|---|---|---|
| | | ചെയ്യുക. |
| 2. | നിർവ്വഹണ ഉദ്യോഗസ്ഥൻ (ക്ലീൻ സിറ്റി മാനേജർ) | 1. നഗരസഭയും, HKS കൺസോർഷ്യവും തമ്മിലുള്ള ഭേദഗതി കരാർ നടപ്പിലാക്കുക (ബിസിനസ്സ് പ്ലാനിന് കൗൺസിൽ അംഗീകാരം ലഭിച്ചാൽ അടിയന്തിരമായി കരാർ ഒപ്പുവെയ്ക്കേണ്ടതാണ്.)<br><br>2. KSWMP പ്രൊജക്റ്റ് ഡയറക്ടറുടെ സാമ്പത്തികാനുമതി ലഭിച്ച BDP, SPMU അംഗീകരിച്ച പ്രൊക്യൂർമെന്റ് പ്ലാൻ പ്രകാരം സമയബന്ധിതമായി നടപ്പിലാക്കുക.<br><br>3. പദ്ധതിയുടെ 6 മാസത്തെ വർക്കിംഗ് ക്യാപിറ്റൽ/നടത്തിപ്പ് തുക മാർഗ്ഗരേഖയിൽ സൂചിപ്പിച്ചത് പോലെ അംഗീകരിച്ച പ്രൊക്യൂർമെന്റ് പ്ലാൻ (സ്റ്റേഷനറി, സംരംഭങ്ങൾ നടത്തുന്നതിനായി അസംസ്കൃത വസ്തുക്കൾ വാങ്ങൽ രജിസ്ട്രേഷൻ ഫീസ്) പ്രകാരവും, HKS കൺസോർഷ്യം അഡ്വാൻസായി ചിലവഴിക്കുന്ന തുക (ഇലക്ട്രിസിറ്റി ചാർജ്, വാഹനവാടക, സ്ക്രാപ് വീടുകളിൽ നിന്നും വാങ്ങുന്നത്) റീഇമ്പേഴ്സ്മെന്റ് ആയും ചിലവഴിക്കുക.<br><br>4. സംരംഭം ആരംഭിക്കുന്നതിനായി SPMU അംഗീകരിച്ച പ്രൊക്യൂർമെന്റ് പ്ലാൻ പ്രകാരം നഗരസഭ സാധന സാമഗ്രികൾ വാങ്ങി HKS കൺസോർഷ്യത്തിന് കൈമാറുന്നതിനായി ആസ്തി കൈമാറ്റ കരാറിൽ ഏർപ്പെടുന്നത് ഉറപ്പുവരുത്തുക.<br><br>5. പദ്ധതിയുടെ തുടർ നടത്തിപ്പും പരിപാലനവും TSC/DPMU എന്നിവയുടെ സഹായത്തോടെ HKS കൺസോർഷ്യം മുഖേന ഉറപ്പ് വരുത്തുക.<br><br>6. ബിസിനസ്സിന്റെ തുടർ നടത്തിപ്പും പരിപാലനവും നിരീക്ഷിച്ച്, ആവശ്യമായ മാർഗനിർദ്ദേശങ്ങൾ നൽകുക.<br><br>7. പദ്ധതിയുടെ ഓഡിറ്റ് നടത്തുന്നതിനു സഹായിക്കുക. |

| | | |
|---|---|---|
| 3. | HKS കൺസോർഷ്യം | 1) നഗരസഭയുമായി ഭേദഗതി വരുത്തിയ പദ്ധതി നിർവ്വഹണ, ആസ്തി കൈമാറ്റ കരാറുകളിൽ ഏർപ്പെടുക.<br><br>2) സംരംഭകത്തിൽ ഏർപ്പെടുന്ന ആളുകളെ MSME-യിൽ മൈക്രോ എന്റർപ്രൈസ് (ME) ആയി രജിസ്റ്റർ ചെയ്യുക.<br><br>3) മാർഗ്ഗരേഖ പ്രകാരം ബാങ്ക് അക്കൗണ്ട് തുടങ്ങുക.<br><br>4) എല്ലാ സാമ്പത്തിക ഇടപാടുകളുടെയും കൃത്യമായ രേഖകൾ, മീറ്റിംഗ് മിനിട്സ്, എന്നിവ നഗരസഭ/KSWMP ആവശ്യപ്പെടുന്ന സമയങ്ങളിൽ നൽകുക.<br><br>5) കൃത്യമായ അക്കൗണ്ട്സ് സംവിധാനം ആരംഭിക്കുകയും നടപ്പിലാക്കുകയും ചെയ്യുക.<br><br>6) സമയബന്ധിതമായി ബിസിനസ്സ് ആരംഭിക്കുകയും, സുസ്ഥിരമായി നടത്തിക്കൊണ്ട് പോവുകയും ചെയ്യുക.<br><br>- PIU എഞ്ചിനീയർ, TSC, DPMU എന്നിവർ മേൽ പ്രവർത്തനങ്ങളിൽ സഹായിക്കുന്നതാണ്.<br><br>(7) ഓഡിറ്റിനു ആവശ്യമായ കണക്കുകളും രേഖകളും നിർവ്വഹണ ഉദ്യോഗസ്ഥനു നൽകുക.<br><br>(8) സംരംഭം ആരംഭിക്കുന്നതിനായി നഗരസഭ വാങ്ങി നൽകുന്ന സാധനസാമഗ്രികൾ കൃത്യമായി പരിപാലിക്കുകയും, സാധാരണയായി സംഭവിക്കാവുന്ന അറ്റകുറ്റപണികൾ നടത്തുകയും ചെയ്യുക<br><br>(9) KSWMP യുടെയും, നഗരസഭയുടെയും മാർഗ്ഗനിർദ്ദേശ പ്രകാരം അംഗീകരിക്കപ്പെട്ട ബിസിനസ്സ് പ്ലാൻ പ്രകാരം സംരംഭം ആരംഭിക്കുകയും തുടർ നടത്തിപ്പും, പരിപാലനവും ചെയ്യുകയും, കൃത്യമായ വരവ് ചിലവ് കണക്കുകൾ സൂക്ഷിക്കുകയും, നഗരസഭ/KSWMP ആവശ്യപ്പെടുന്ന സമയങ്ങളിൽ നൽകുകയും ചെയ്യുക.<br><br>(10) സ്ക്രാപ് ബിസിനസ്സ് ചെയ്യുന്ന HKS കൺസോർഷ്യം, മാർഗ്ഗരേഖയിൽ സൂചിപ്പിച്ചത് |

| | | |
|---|---|---|
| | | പോലെ, വീടുകളിൽ നിന്നും സ്ക്രാപ് മെറ്റീരിയൽസ് വാങ്ങുന്നതിനും, ഇലക്ട്രിസിറ്റി ബിൽ, തുടങ്ങിയ പ്രവർത്തനങ്ങൾക്കായി പദ്ധതിയുടെ വർക്കിംഗ് ക്യാപിറ്റൽ/നടത്തിപ്പ് തുക (അംഗീകരിച്ച പ്ലാൻ പ്രകാരം നിഷ്കർഷിച്ച തുക, പരമാവധി 6 മാസം) അഡ്വാൻസായി ചിലവഴിക്കുകയും, ചിലവഴിച്ച പണം തിരികെ ലഭിക്കുന്നതിനായി മാസവസാനം claim statement, വീടുകളിൽ നിന്നും സ്ക്രാപ് വാങ്ങിയതിന്റെ രസീത്, സ്ക്രാപ് ബിസിനസ്സ് നടത്തുന്ന ഓരോ ഹരിത കർമ്മ സേനാംഗങ്ങളുടെയും കളക്ഷൻ റിപ്പോർട്ട് (വിലയും അളവും ഉൾപ്പെടെ) എന്നിവ, PIU എഞ്ചിനീയറുടെ സഹായത്തോടെ നഗരസഭയിൽ സമർപ്പിക്കേണ്ടതാണ്. |
| 4 | ജില്ലാ പ്രൊജക്ട് മാനേജ്മെന്റ് യൂണിറ്റ് (DPMU) | 1) പദ്ധതി നിർവ്വഹണത്തിന് ആവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകുക.<br><br>2) FS ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.<br><br>3) പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നു എന്ന ഉറപ്പ് വരുത്തുക.<br><br>4) നഗരസഭ, HKS കൺസോർഷ്യം എന്നിവർക്കാവശ്യമായ സാങ്കേതിക സഹായങ്ങളും, പരിശീലനങ്ങളും ടെക്നിക്കൽ സപ്പോർട്ട് കൺസൾട്ടന്റ് മുഖേന ഉറപ്പ് വരുത്തുക.<br><br>5) നിർവ്വഹണവുമായി ബന്ധപ്പെട്ട് എല്ലാ പ്രവർത്തനങ്ങളുടെയും സാമ്പത്തിക ഇടപാടുകളുടെയും രേഖകൾ, മീറ്റിംഗ് മിനിട്സ് എന്നിവ പരിശോധിക്കുകയും ഉറപ്പ് വരുത്തുകയും ചെയ്യും.<br><br>6) അംഗീകാരം ലഭിച്ച ബിസിനസ്സ് ഡവലപ്മെന്റ് പ്ലാൻ പ്രകാരം വാങ്ങേണ്ട സാധന സാമഗ്രികളുടെ സ്പെസിഫിക്കേഷൻ പ്രകാരം TSC പ്രൊക്യൂർമെന്റ് പ്ലാൻ തയ്യാറാക്കി സമർപ്പിച്ചു എന്ന് ഉറപ്പ് വരുത്തുകയും അവ പരിശോധിച്ച് അംഗീകാരത്തിനായി SPMU വിൽ സമർപ്പിക്കുകയും ചെയ്യുക. |

| | | |
|---|---|---|
| | | 7) SPMU അംഗീകരിച്ച പ്രൊക്യൂർമെന്റ് പ്ലാൻ പ്രകാരം, സാധന സാമഗ്രികൾ വാങ്ങുന്നതിന് നഗരസഭ/നിർവ്വഹണ ഉദ്യോഗസ്ഥനെ സഹായിക്കുകയും, സമയബന്ധിതമായി പ്രവർത്തനം പൂർത്തീകരിച്ച് ഹരിത കർമ്മസേന കൺസോർഷ്യത്തിന് സംരംഭം ആരംഭിക്കുന്നതിനായി കൈമാറുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.<br><br>8) നഗരസഭയും, HKS കൺസോർഷ്യവും പദ്ധതി നിർവ്വഹണ, ആസ്തി കൈമാറ്റ കരാറിൽ ഏർപ്പെടുന്നത് ഉറപ്പ് വരുത്തുക.<br><br>9) വർക്കിംഗ് ക്യാപിറ്റൽ/പദ്ധതി നടത്തിപ്പ് തുക മാർഗ്ഗരേഖ പ്രകാരം ചിലവഴിച്ചു എന്നും, ആവശ്യമായ രേഖകൾ നഗരസഭയിൽ/നിർവ്വഹണ ഉദ്യോഗസ്ഥന് സമർപ്പിച്ച് HKS കൺസോർഷ്യത്തിന് Reimbursement ലഭിച്ചു എന്ന് ഉറപ്പ് വരുത്തുകയും, നഗരസഭ/നിർവ്വഹണ ഉദ്യോഗസ്ഥർക്കും, HKS കൺസോർഷ്യത്തിനും ആവശ്യമായ സഹായം നൽകുകയും ചെയ്യുക.<br><br>10) സംരംഭങ്ങളുടെ തുടർ നടത്തിപ്പിലും, പരിപാലനത്തിലും, വേണ്ട സാങ്കേതിക സഹായം HKS കൺസോർഷ്യത്തിന് TSC മുഖേന ഉറപ്പ് വരുത്തുക.<br><br>11) ഓരോ ബിസിനസ്സ് പ്ലാനിലും Environment Management Plan (EMP) ഉറപ്പ് വരുത്തുക.<br><br>പദ്ധതിയുടെ ഓഡിറ്റിങ്ങിന് ആവശ്യമായ സഹായം നൽകുക. |
| 5 | ടെക്നിക്കൽ സപ്പോർട്ട് കൺസൾട്ടന്റ് | 1) മാർഗ്ഗനിർദ്ദേശപ്രകാരം ബിസിനസ്സ് ഡവലപ്മെന്റ് പ്ലാൻ തയ്യാറാക്കുക.<br><br>2) പ്ലാൻ പ്രകാരം വാങ്ങിക്കേണ്ട സാധനങ്ങളുടെ ടെക്നിക്കൽ സ്പെസിഫിക്കേഷൻ തയ്യാറാക്കുക.<br><br>3) മാർഗ്ഗനിർദ്ദേശ പ്രകാരം പ്രൊക്യൂർമെന്റ് പ്ലാൻ തയ്യാറാക്കുക.<br><br>4) പ്രൊക്യൂർമെന്റ് പ്ലാൻ പ്രകാരം സാധന സാമഗ്രികൾ വാങ്ങുന്നതിന് |

| | | | |
|---|---|---|---|
| | | | നഗരസഭയെ/നിർവ്വഹണ ഉദ്യോഗസ്ഥനെ സഹായിക്കേണ്ടത് TSC യുടെ പ്രൊക്യൂർമെന്റ് എക്സ്പേർട്ട് ആയിരിക്കും<br><br>5) HKS കൺസോർഷ്യത്തിന് ആവശ്യമായ രേഖകളും കണക്കുകളും സൂക്ഷിക്കുന്നതിനു സഹായം നൽകുക.<br><br>6) നഗരസഭയിൽ നിന്നും ഓരോ ഗഡുവും ലഭ്യമാക്കുന്നതിനായി ഫണ്ട് റിക്വസ്റ്റ് തയ്യാറാക്കുന്നതിന് HKS കൺസോർഷ്യത്തിനെ സഹായിക്കുക.<br><br>7) BDPയിൽ നിർദ്ദേശിക്കപ്പെട്ട മാനവ വിഭവശേഷി, നൈപുണ്യ വികസന പരിശീലനങ്ങൾ (CAPACITY BUILDING/SKILL DEVELOPMENT TRAINING) നടപ്പിലാക്കുന്നതിന് നേതൃത്വം നൽകുക.<br><br>8) ബിസിനസ്സിന്റെ മാർക്കറ്റിംഗ്, സുസ്ഥിരതയ്ക്ക് ആവശ്യമായ സാങ്കേതിക സഹായം ഉറപ്പ് വരുത്തുക.<br><br>9) പദ്ധതിയുടെ ഓഡിറ്റ് നടത്താനുള്ള സഹായം നഗരസഭയ്ക്കും HKS കൺസോർഷ്യത്തിനും ഗ്രൂപ്പിനും നൽകുക.<br><br>10) പദ്ധതി നിർവഹണത്തിന്റെ പുരോഗതി റിപ്പോർട്ട് തയ്യാറാക്കുക.<br><br>11) പദ്ധതി നിർവ്വഹണത്തിന്റെ (പ്രൊക്യൂർമെന്റ് ഉൾപ്പെടെ) Monthly Progress Report DPMU - വിൽ സമർപ്പിക്കുക.<br><br>12) ഓരോ ബിസിനസ്സ് ഡവലപ്പ്മെന്റ് പ്ലാനിനും ആവശ്യമായ എൻവയോൺമെന്റ് മാനേജ്മെന്റ് പ്ലാൻ (EMP) തയ്യാറാക്കുക.<br><br>13) HKS കൺസോർഷ്യത്തിന് വർക്കിംഗ് ക്യാപിറ്റൽ/നടത്തിപ്പ് തുക അഡ്വാൻസായി ചിലവഴിക്കുന്നതിനും, അത് Reimbursement ചെയ്യുന്നതിനും ആവശ്യമായി സഹായം TSC ഫിനാൻസ്/പ്രൊക്യൂർമെന്റ് എക്സ്പേർട്ട് നൽകേണ്ടതാണ്. |

| | | |
|---|---|---|
| | | 14) പദ്ധതി (ബിസിനസ്സ്) ആരംഭിക്കുന്ന ആദ്യ മാസം തന്നെ ഹരിത കർമ്മസേനാംഗങ്ങൾക്കാവശ്യമായ പരിശീലനം (അക്കൗണ്ടിംഗ്, മാർക്കറ്റിംഗ്) നൽകുക.<br><br>15) പദ്ധതിയുടെ പുരോഗതി, പൂർത്തീകരണ റിപ്പോർട്ടുകൾ യഥാസമയങ്ങളിൽ സമർപ്പിക്കുക.<br><br>16) ഓരോ സംരംഭത്തിനും ആവശ്യമായ രജിസ്റ്ററുകൾ, ബിൽ, വൗച്ചർ, ക്യാഷ് ബുക്ക്, മറ്റ് അക്കൗണ്ടിംഗ്, സംവിധാനങ്ങൾ ഓരോ കൺസോർഷ്യത്തിലും ലഭ്യമാണ് എന്ന് ഉറപ്പു വരുത്തുകയും, സംരംഭം ആരംഭിക്കുന്നതിന് മുൻപ് തന്നെ HKS കൺസോർഷ്യത്തിന് ആവശ്യമായ നിർദ്ദേശവും, പരിശീലനങ്ങളും നൽകുക. |
| 6 | ഡിസ്ട്രിക്ട് പ്രോജക്ട് മാനേജ്മെന്റ് കൺസൽട്ടന്റ് (DPMC) | 1. ബിസിനസ്സ് പ്ലാൻ അംഗീകാരത്തിനും, FS ലഭ്യമാക്കുന്നതിനും DPMU വിനെ സഹായിക്കുക.<br><br>2. കരാർ പരിശോധിച്ച് യഥാമസയം ഒപ്പുവയ്ക്കുന്നതിന് സഹായം നൽകുക.<br><br>3. TSC തയ്യാറാക്കുന്ന ടെക്നിക്കൽ സ്പെസിഫിക്കേഷനും, പ്രൊക്യൂർമെന്റ് പ്ലാനും EMP എന്നിവ പരിശോധിച്ച് DPMU അംഗീകാരത്തിനായി നൽകുക.<br><br>4. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട സാങ്കേതിക സഹായം നൽകുക.<br><br>5. TSC തയ്യാറാക്കുന്ന പദ്ധതി നിർവ്വഹണത്തിന്റെ പ്രോഗ്രസ്സ് റിപ്പോർട്ട് പരിശോധിച്ച് DPMU വിൽ സമർപ്പിക്കുക.<br><br>6. DPMU തലത്തിലുള്ള എല്ലാ പ്രവർത്തനങ്ങൾക്കും സാങ്കേതിക സഹായം ഉറപ്പുവരുത്തുക.<br><br>7. പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ ഡോക്യുമെന്റേഷനും കൃത്യമായി ചെയ്യുന്നതിന് TSC ക്ക് ആവശ്യമായ മാർഗ്ഗ നിർദേശം നൽകുക. TSC സമർപ്പിക്കുന്ന ബിസിനസ്സ് പ്ലാനും EMP-യും പരിശോധിച്ച് DPMU-കൾക്ക് നൽകുക. |
| 7 | ജില്ലാ കുടുംബശ്രീ മിഷൻ | 1. 14 ജില്ലകളിലും ജില്ലാ മിഷന്റെ നേതൃത്വത്തിൽ |

| | | |
|---|---|---|
| | | നടപ്പിലാക്കുന്ന നൈപുണ്യ വികസന, സംരംഭകത്വ പരിശീലനങ്ങൾ, വിവിധ മേളകൾ, Performance Improvement Programe എന്നിവയിൽ അതാത് നഗരസഭകളിലെ ഹരിതകർമ്മസേന ബിസിനസ്സ് യൂണിറ്റിനെ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കുക.<br><br>2. ഓരോ നഗരസഭയിലെയും ഹരിത കർമ്മസേനാംഗങ്ങളുടെ ബിസിനസ്സ് യൂണിറ്റ് കൃത്യമായി നടക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനുള്ള മോണിറ്ററിംഗ് ചുമതല അതാത് നഗരസഭകളിലെ CDSനും, ME കൺസൾട്ടന്റിനും നൽകുക.<br><br>3. നഗരസഭാതലത്തിലും, ജില്ലാതലത്തിലും ഓരോ ബിസിനസ്സ് യൂണിറ്റിന്റെയും പ്രവർത്തനങ്ങൾ പ്രചരിപ്പിക്കുന്നതിനുവേണ്ട സഹായങ്ങൾ നൽകുക. |

******** ******* ******* ******* *******